(2) നാട്ടിക-മുറ്റിച്ചൂർകടവ് പാലത്തിന്റെ പണി

ശ്രീ. ടി. എൻ. പ്രതാപൻ: സർ, തൃശ്ശൂർ ജില്ലയിലെ തീരദേശ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പാലമാണ് നാട്ടിക-മുറ്റിച്ചൂർകടവ് പാലം. നാട്ടിക, മണലൂർ, ചേർപ്പ് നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന, തൃശ്ശൂർ നഗരത്തിൽനിന്ന് തീരദേശത്തേയ്ക്ക് വരാൻവേണ്ടിയുള്ള ഏറ്റവും എളുപ്പ മാർഗ്ഗം മുറ്റിച്ചൂർകടവ് പാലമാണ്. വളരെ വർഷങ്ങളായി ജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട സ്വപ്നമാണിത്. മാറി മാറി വന്ന നിരവധി ജനപ്രതിനിധികൾ ഇതിനുവേണ്ടി അങ്ങേയറ്റത്തെ സമ്മർദ്ദം ചെലുത്തിവരുകയായിരുന്നു ഇപ്പോഴാണെങ്കിൽ ഞങ്ങൾ മൂന്ന് എം.എൽ.എ.മാർ, ഞാനും ശ്രീ. എം. കെ. പോൾസൺ മാസ്റ്ററും ശ്രീ. കെ. പി. രാജേന്ദ്രനും ഉൾപ്പെടെയുള്ളവർ ഇതിനുവേണ്ടി തൃശ്ശൂർ ജില്ലയുടെ ഒരു പൊതു വികാരം എന്ന നിലയിൽ ശക്തമായ ശ്രമം നടത്തിവരികയാണ്. നബാർഡിന്റെ പദ്ധതികളിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു എന്നു പറയുന്നെങ്കിലും അതിന്റെ പല പ്രവൃത്തികളും വളരെ മന്ദഗതിയിലാണ് നടന്നു വരുന്നത്. സംസ്ഥാന പൊതുമരാമത്ത് വകുപ്പ് സ്പെഷ്യൽ പ്രയോറിറ്റി നൽകി ഇതിന്റെ എല്ലാ ഇൻവെസ്റ്റിഗേഷനും പൂർത്തിയാക്കി ഈ സാമ്പത്തിക വർഷം തന്നെ നിർമ്മാണം തുടങ്ങുന്നതിനുവേണ്ടിയുള്ള ഇതര പ്രവൃത്തികൾ പൂർത്തിയാക്കാൻ പ്രത്യേകമായ താൽപ്പര്യം എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, മുറ്റിച്ചൂർകടവ് പാലത്തിന്റെ പണി നബാർഡിന്റെ സ്കീമിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനുള്ള അനുമതി 24-11-2004-ൽ നൽകിയിട്ടുണ്ട്. ഈ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ നടത്തിവരികയാണ്. വിശദമായ മണ്ണ് പരിശോധന, ഇൻവെസ്റ്റിഗേഷൻ നടപടി എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. ഡിസൈൻ വിശദമായ പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കി നബാർഡിന്റെ ധനസഹായത്തോടെ പ്രസ്തുത പാലത്തിന്റെ പണി എത്രയും വേഗം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(3) പാരമ്പര്യ വൈദ്യന്മാർക്ക് ലൈസൻസ് പുതുക്കി നൽകൽ

ശ്രീ. വി. കെ. ചന്ദ്രൻ: സർ, പ്രധാന ചികിൽസാ ശാഖയായിട്ടുള്ള ആയുർവേദ മംഗത്ത് അഷ്ടവൈദ്യ കുടുംബങ്ങൾക്കും പാരമ്പര്യ ചികിൽസാ വൈദ്യന്മാർക്കും തലമുറകളായി നൽകി വന്നിരുന്ന അവരുടെ ലൈസൻസ് ഇപ്പോൾ തടഞ്ഞു വച്ചിരിക്കുകയാണ്. ആയുർവേദ പാരമ്പര്യത്തിന്റെ ചികിൽസ പ്രചരിപ്പിക്കാനും, ആവശ്യമായ മരുന്നു ഉൽപാദിപ്പിക്കാനും എൽ-2, എൽ-3 ലൈസൻസുകളാണ് നിലവിൽ നൽകി വന്നിരുന്നത്. എന്നാൽ സമൂഹത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ചില തരികിട വൈദ്യന്മാരും നിലവിലുണ്ട്. അത്തരത്തിലുള്ള വൈദ്യന്മാരെ കണ്ടെത്തി നടപടി എടുക്കണം. യഥാർത്ഥത്തിൽ അഷ്ടവൈദ്യ കുടുംബത്തിൽപ്പെട്ട ആളുകൾക്കും പാരമ്പര്യ വൈദ്യന്മാർക്കും മരുന്ന് ഉല്പാദിപ്പിക്കാനും ചികിൽസ നടത്താനുമുള്ള എൽ-2, എൽ-3 ലൈസൻസുകൾ നൽകാതിരിക്കുന്നതുകൊണ്ട് വലിയ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. അത് നമ്മുടെ ആയുർവേദ പാരമ്പര്യത്തെ തന്നെ ഇല്ലാതാക്കുന്നതിന് ഇടവരുത്തും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും ഇക്കാര്യം മനസ്സിലാക്കി യഥാർത്ഥ വൈദ്യന്മാർക്കും അഷ്ടവൈദ്യന്മാർക്കും പാരമ്പര്യ വൈദ്യന്മാർക്കും നൽകി വന്നിരുന്ന ലൈസൻസ് പുതുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): സർ, 1953 -ലെ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട്, 1970-ലെ ഇന്ത്യൻ മെഡിക്കൽ സെൻട്രൽ കൗൺസിൽ ആക്ട് എന്നിവ പ്രകാരം അംഗീകൃത യോഗ്യത ഇല്ലാത്തവർ വൈദ്യ പ്രവൃത്തി നടത്താൻ പാടില്ല. ഇതുസംബന്ധിച്ച് 8-1-2003-ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് പുറപ്പെടുവിച്ച വിധിന്യായം അനുസരിച്ച് നിലവിലുള്ള നിയമ വ്യവസ്ഥകൾ കർശനമാക്കിയതാണ് ഇപ്പോഴത്തെ പ്രശ്നങ്ങൾക്ക് കാരണം. ഹൈക്കോടതി വിധിക്കെതിരെയുള്ള അപ്പീൽ ഇപ്പോൾ സുപ്രീംകോടതിയിൽ നിലവിലുണ്ട്. പാരമ്പര്യ വൈദ്യന്മാർ സമൂഹത്തിന് നൽകിവരുന്ന സംഭാവനകൾ മാനിച്ച് അവരുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുക എന്നതുതന്നെയാണ് സർക്കാരിന്റെ നയം. അതിനുവേണ്ടി 1995-ൽ സംസ്ഥാന സർക്കാർ ഉണ്ടാക്കിയ കരട് നിയമം നിയമസഭയിൽ അവതരിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നിയമത്തിലെ പാരമ്പര്യ വൈദ്യന്മാർക്ക് അംഗീകാരം നൽകണമെന്ന വ്യവസ്ഥ പുനഃപരിശോധിക്കാൻ കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നു. പാരമ്പര്യവൈദ്യന്മാർക്ക്കൂടി അംഗീകാരം നൽകുന്ന വ്യവസ്ഥകൾ നിലനിർത്തി പ്രസ്തുത നിയമം നിയമസഭയിൽ അവതരിപ്പിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് എഴുത്തുകുത്തുകൾ നടന്നുവരികയാണ്.

(4) കോട്ടയം ജില്ലയിലും മറ്റും മഞ്ഞപ്പിത്ത രോഗംമൂലം പത്തോളം പേർ മരണമടഞ്ഞതു സംബന്ധിച്ച്

ശ്രീ. പി. സി. ജോർജ്: സർ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ കഴിഞ്ഞ 5-6 വർഷക്കാലമായി മഞ്ഞപ്പിത്ത രോഗം വ്യാപകമായി പടർന്നു പിടിക്കുകയാണ്. മൂന്നു വർഷത്തിനു മുമ്പ് ഞാൻ തന്നെ ഈ മഞ്ഞപ്പിത്ത രോഗത്തിന്റെ കാഠിന്യം മനസ്സിലാക്കിക്കൊണ്ട് ബന്ധപ്പെട്ട ആളുകളെ വിവരം അറിയിച്ചുവെങ്കിലും കോട്ടയം മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ചാണ്

LIBRARY ARCHIVES Kerala Legislative Assembly